(ബി) പാരമ്പര്യേതര ഊർജ്ജം ഉപയോഗപ്പെടുത്തുന്നതിനുള്ള ചുമതല ഏതൊക്കെ ഏജൻസികളാണ് വഹിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഏജൻസികളുടെ കഴിഞ്ഞ രണ്ടു വർഷത്തെ (2008-2009,2009-2010) പ്രവർത്തനങ്ങളെക്കുറിച്ചും അതുമുഖേനയുണ്ടായ നേട്ടത്തെക്കുറിച്ചും വിശദമാക്കുമോ ?

ഉത്തരം

(എ) പാരമ്പര്യേതര ഊർജ്ജ മേഖലയിൽ അക്ഷയ ഊർജ്ജം, സൗരോർജ്ജം, പവനോർജ്ജം, ജൈവോർജ്ജം. ചെറുകിട ജലശക്തി എന്നിവയുടെ വികസനത്തിലൂടെ ഊർജ്ജ ലഭ്യത റികസിപ്പിക്കുന്നതിന് അനെർട്ട് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇവയിൽ ജൈവോർജ്ജം, ചെറുകിട ജലശക്തി ഇവയെ സംബന്ധിച്ച സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്.

(ബി) ഭരണഘടനാ ഭേദഗതി 73, 74 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ പെട്ടതാണ് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനവും, ഉപയോഗപ്പെടുത്തലും. അടുത്തയിടെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ജവഹർലാൽ നെഹ്റു നാഷ്ണൽ സോളാർ മിഷൻ (JNNSM)പദ്ധതി രേഖകൾ പ്രകാരം അനെർട്ട് പാരമ്പര്യേതര ഊർജ്ജ വികസനത്തിന് ചുമതലപ്പെട്ട സംസ്ഥാനതല നോഡൽ ഏജൻസിയാണ്. JNNSM പദ്ധതി മാർഗ്ഗരേഖാ പ്രകാരം സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനായി സ്വകാര്യ പങ്കാളിത്തം സ്വരൂപിക്കുന്നതിനും, സംസ്ഥാന സർക്കാരിന്റെ സമീപന രേഖാ ഉത്തരവുപ്രകാരം പവന വൈദ്യുതോത്പാദനത്തിനും സ്വകാര്യ മേഖലയെ പങ്കെടുപ്പിക്കുന്നതിനും നിർദ്ദേശങ്ങളുണ്ട്. ഇതനുസരിച്ച് പവന വൈദ്യുതോത്പാദനത്തിന് മൂന്നു സ്വകാര്യ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവ വെസ്-സ്റ്റാസ് വിൻഡ് ടെക്നോളജി ഇൻഡ്യാ ലിമിറ്റഡ്, സർജൻ റിയാലിറ്റീസ് ലിമിറ്റഡ്, സുസ്ലോൺ എനർജി ലിമിറ്റഡ് എന്നിവയാണ്. JNNSM പദ്ധതിയിൽ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള 13 ഏജൻസികളിൽ 12 എണ്ണം സ്വകാര്യ മേഖലയിലുള്ളവയാണ്. ഇതുവരെ അനുമതിയൊന്നും നൽകിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

രാമക്കൽമേട് വിൻഡ്ഫാമിന്റെ പ്രവർത്തന പുരോഗതി

159 (5564) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാമക്കൽമേട് വിൻഡ്ഫാമിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടെനിന്ന് വ്യവസായാടിസ്ഥാനത്തിൽ വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതൽ ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവിടെനിന്നും പ്രതിവർഷം എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കാനാകുമെന്നറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഉതുവരെ എന്തു തുക ചെലവഴിച്ചു ?

ഉത്തരം

(എ&ബി) ANERT ന്റെ സാങ്കേതിക അനുമതി ലഭിച്ച 0.75 MW ശേഷിയുള്ള 19 Nos. കാറ്റാടി യന്ത്രങ്ങൾ 2008-10 വർഷങ്ങളിലായി ഇടുക്കിയിലെ രാമക്കൽമേട്ടിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇവിടെ നിന്നും വൈദ്യുതി ഉൽപ്പാദനം ആരംഭിച്ച ദിവസം ഉൾപ്പെടെയുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 2009-10 വർഷത്തിൽ ഇവിടെനിന്നും 32.5376 MU വൈദ്യുതി ഉത്പാദിപ്പിച്ചു.

(ഡി) രാമക്കൽമേട് വിൻഡ്ഫാം സ്വകാര്യ മേഖലയിലാണ്. അതിനു വേണ്ടി അനെർട്ട് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

വിന്റ് മിൽ മുഖേനയുള്ള വൈദ്യുതോത്പാദനം

160 (T5565) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ തീരപ്രദേശത്ത് വിന്റ് എനർജിയുടെ സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ ;

(ബി) വിന്റ് മിൽ മുഖേന എത്ര വൈദ്യുതി പ്രതിദിനം ഉത്പാദിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അനെർട്ടിന്റെ ആഭിമുഖ്യത്തിൽ തീരപ്രദേശത്തെ വിന്റ് എനർജിയുടെ സാധ്യത നീണ്ടകരയിൽ പഠനവിധേയമാക്കിയിട്ടുണ്ട്. ലാഭകരമായി വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സാധ്യത അവിടെ കണ്ടെത്താനായില്ല.

(ബി) 2009-10-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് പ്രതിദിനം 0.19 മെഗാ യൂണിറ്റ് ശരാശരി വൈദ്യുതി കാറ്റാടി യന്ത്രങ്ങൾ മുഖേന ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly